# Official Spokesperson's response to media queries on opinion of the Working Group on Arbitrary Detention concerning the case of Mr. Christian James Michel

February 26, 2021

---

# ക്രിസ്റ്റീൻ ജെയിംസ് മൈക്കിലിന്റെ കേസിനെ സംബന്ധിച്ചുള്ള ഏകപക്ഷീയമായി തടങ്കലിൽ വയ്ക്കുന്നുവെന്ന വർക്കിംഗ് ഗ്രൂപ്പിന്റെ അഭിപ്രായത്തെക്കുറിച്ചുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

**ഫെബ്രുവരി 26, 2021**

ക്രിസ്റ്റീൻ ജെയിംസ് മൈക്കിലിന്റെ കേസിനെ സംബന്ധിച്ചുള്ള ഏകപക്ഷീയമായി തടങ്കലിൽ വയ്ക്കുന്നുവെന്ന വർക്കിംഗ് ഗ്രൂപ്പിന്റെ അഭിപ്രായത്തെക്കുറിച്ചുള്ള മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു"

ക്രിസ്റ്റീൻ ജെയിംസ് മൈക്കിലിന്റെ കേസിനെ സംബന്ധിച്ചുള്ള ഏകപക്ഷീയമായി തടങ്കലിൽ വയ്ക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന്റെ അഭിപ്രായത്തെക്കുറിച്ചുള്ള തീരുമാനത്തിൽ, അത് ഔദ്യോഗീകമായി പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ ഞങ്ങൾ ചില പോരായ്മകൾ കണ്ടെത്തിയിരുന്നു.

തുടക്കത്തിൽ തന്നെ, വർക്കിംഗ് ഗ്രൂപ്പ് ഒരു നിയമാധികാരമുള്ള കൂട്ടായ്മയല്ലെന്നും അതിനാൽ തന്നെ അതിന്റെ അഭിപ്രായങ്ങൾ അംഗരാജ്യങ്ങളെ നിയമപരമായി വിധേയമാക്കുന്നില്ലെന്നും വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

അവരുടെ അഭ്യര്‍ഥനയ്ക്കനുസരിച്ച് 2020 ജൂണില്‍ തന്നെ വര്‍ക്കിങ് ഗ്രൂപ്പുമായുള്ള പ്രശനത്തില്‍ ഇന്ത്യാന ഭരണകൂടം സമയോചിതമായ വിവരങ്ങള്‍ നല്‍കിയിരുന്നു.

വര്‍ക്കിംഗ് ഗ്രൂപ്പ് എത്തിച്ചേര്‍ന്നിട്ടുള്ള നിഗമനങ്ങള്‍ പരിമിതമായ വിവരങ്ങള്‍, അജ്ഞാതമായ ഉറവിടത്തില്‍ നിന്നുള്ള പക്ഷപാതപരമായ ആരോപണങ്ങള്‍ കൂടാതെ ഇന്ത്യയുടെ ക്രിമിനല്‍ നീതിന്യായ വ്യവസ്ഥയെക്കുറിച്ചുള്ള വ്യക്തമല്ലാത്ത ധാരണ എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ് എന്നതില്‍ ഞങ്ങള്‍ക്ക് ഖേദമുണ്ട് .

രണ്ട് പരമാധികാര രാജ്യങ്ങള്‍ക്കിടയില്‍ ഒപ്പുവച്ച കുറ്റവാളികളെ കൈമാറുന്നതിനുള്ള ഉടമ്പടിയിലെ വ്യവസ്ഥകള്‍ക്കനുസൃതമായാണ് കൈമാറ്റം നടത്തിയത്. അറസ്റ്റും തുടര്‍ന്നുള്ള കസ്റ്റഡിയും നിയമപ്രകാരമുള്ള നടപടിക്രമങ്ങള്‍ക്കനുസൃതമായാണ് നടത്തിയത്, ഒരു കാരണവശാലും ഇത് ഏകപക്ഷീയമാണെന്ന് പരിഗണിക്കാന്‍ കഴിയില്ല.

ഒരു സമയത്തും കുറ്റവാളിയ്ക്ക് നിയമപരപരമായ കൗണ്‍സിലിനുള്ള അധികാരങ്ങളോ ന്യായമായ വിചാരണയോ നിഷേധിച്ചിട്ടില്ല എന്നതാണ് യഥാര്‍ത്ഥ വസ്തുത. ഉന്നത ജുഡീഷ്യറി ഉള്‍പ്പെടെ നിരവധി തവണ കോടതികളെ സമീപിക്കാന്‍ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ഇതിന്റെ തെളിവാണ്. നിയമപരമായ അവകാശങ്ങളുടെ ലഭ്യതയ്ക്ക് അധികൃതര്‍ നിയന്ത്രണങ്ങളൊന്നും ഏര്‍പ്പെടുത്തിയിട്ടില്ല. അദ്ദേഹത്തെ മറ്റ് തടവുകാര്‍ക്ക് തുല്യമായി പരിഗണിക്കുകയും നിയമപ്രകാരം ജയില്‍ അധികൃതര്‍ എല്ലാ സൗകര്യങ്ങളും നല്‍കുകയും ചെയ്തിട്ടുണ്ട്.

മനുഷ്യാവകാശ ലംഘന ആരോപണങ്ങള്‍ക്കെതിരെ പ്രവര്‍ത്തിക്കുന്നതിന് ഊര്‍ജ്ജസ്വലവും സ്വതന്ത്രവുമായ ഒരു ജുഡീഷ്യറിയും പാരിസ് തത്വങ്ങള്‍ക്ക് അനുസൃതമായ, 'കാറ്റഗറി എ' യില്‍ പ്പെടുന്നതുമായ ദേശീയ മനുഷ്യാവകാശ കമ്മീഷനും ഉള്‍പ്പടെയുള്ള ശക്തമായ പരാതി പരിഹാര സംവിധാനങ്ങള്‍ ഇന്ത്യയിലുണ്ടെന്ന് വര്‍ക്കിംഗ് ഗ്രൂപ്പിന് അവബോധമുണ്ടായിരിക്കണം.

.

വർക്കിംഗ് ഗ്രൂപ്പ് പ്രസ്താവിച്ച അഭിപ്രായത്തിനു അടിസ്ഥാനമായ ആരോപണങ്ങൾ വാസ്തവവിരുദ്ധമാണ്. അതിനാൽ, വർക്കിംഗ് ഗ്രൂപ്പ് നൽകിയ അഭിപ്രായം ഇന്ത്യൻ സർക്കാർ നിഷേധിക്കുകയാണ്.

മനുഷ്യാവകാശ സമിതിയിലെ ഉത്തരവാദിത്തമുള്ള അംഗമെന്ന നിലയിൽ ഇന്ത്യ വർക്കിംഗ് ഗ്രൂപ്പുമായി ഇനിയും സഹകരിക്കുന്നതും എല്ലാവരുടെയും മാനുഷികമായ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമായി ഇന്ത്യൻ നിയമപ്രകാരം സാധ്യമായ പരിധി വരെ ആവശ്യമായ വിവരങ്ങൾ നൽകുന്നതുമായിരിക്കും.

**ന്യൂ ഡൽഹി**
**26 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.